"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് വീട്ടുവാടക, കിടപ്പുരോഗികൾക്കുള്ള ധനസഹായം എന്നിവ വിതരണം ചെയ്യുന്നതിനായി 1,25,00,000/- രൂപ (**ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം**) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്

സ.ഉ.(സാധാ) നം.459/2026/RD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:- സ.ഉ(കൈ) നം.103/2026/DMD തീയതി 25/02/2026

**<u>ഉത്തരവ്</u>**

വയനാട് ചൂരൽമല/മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനബത്തയും, അനുബന്ധ സഹായങ്ങൾക്കുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,25,00,000/-രൂപ (**ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം**) അനുവദിക്കുന്നതിനായി മേൽ പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് .

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീടുകൾ നഷ്ടപ്പെട്ട് വാടകയ്ക്ക് താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രതിമാസം 6,000/- രൂപ നിരക്കിൽ വാടകയും, ഗുരുതരമായി പരിക്കേറ്റ് കിടപ്പുരോഗികളായ വ്യക്തികൾക്ക് പ്രതിദിനം 300/- രൂപ നിരക്കിൽ സഹായവും അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് **1,25,00,000/-രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം**) വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ**1,25,00,000/- രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

ദുരന്ത നിവാരണ വകുപ്പ് .

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Apsara T T
Date: 26-02-2026 14:29:05

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ ഡി.ആർ.എഫ്. എ/ഡി.ആർ.-ബി വകുപ്പുകൾ